**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3180** **11-03-2025 - ൽ മറുപടിയ്ക്ക്**

**ലോകനാർ കാവ് പൈതൃക ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ലോകനാർ കാവ് പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മ്യൂസിയത്തിന്റെ നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന പ്രവൃത്തികൾ എന്തൊക്കെയെന്ന് പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക സഹിതം വിശദമാക്കാമോ; | (എ) | ലോകനാർക്കാവ് ക്ഷേത്രത്തിലെ തീർത്ഥാടന ടൂറിസം വികസനത്തിനായി കിഫ്ബി ഫണ്ടനുവദിച്ച് തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി, 6.69 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ SPV ആയി M/S KIIDC യെ യാണ് നിയമിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കോമ്പൗണ്ട് വാൾ, പടികൾ, ചെറിയ ചിറകളുടെ സംരക്ഷണം, കുളപ്പുര, തന്ത്രിമഠം, ഊട്ടുപുര വലിയ ചിറകളുടെ സംരക്ഷണം, നടപ്പാത ജോലികൾ, ഔട്ട്ഡോർ ലൈറ്റിംഗ്, വിളക്കുകാലിന്റെ വൈദ്യുതീകരണം തുടങ്ങിയ ഘടകങ്ങൾ പൂർത്തിയായി. മ്യൂസിയം കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങളിൽ കെട്ടിടത്തിന്റെ നവീകരണം, പ്ലംബിംഗ്, വൈദ്യുതീകരണം എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത പ്രവൃത്തികൾക്കായി M/S KIIDC മുഖേന ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ആയതിന് KIIFB യിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ലോകനാർ കാവ് പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവൃത്തികൾ, പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക തുടങ്ങിയവ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | ഈ പ്രവൃത്തിക്കായി തുക വകയിരുത്തി ഒരു വർഷം കഴിഞ്ഞെങ്കിലും ഇതുവരെ ആരംഭിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ലോകനാർ കാവ് പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി കോമ്പൗണ്ട് വാൾ പടികൾ, ചെറിയ ചിറകളുടെ സംരക്ഷണം, കുളപ്പുര, തന്ത്രിമഠം, ഊട്ടുപുര വലിയ ചിറകളുടെ സംരക്ഷണം, നടപ്പാത ജോലികൾ, ഔട്ട്ഡോർ ലൈറ്റിംഗ്, വിളക്കുകാലിന്റെ വൈദ്യുതീകരണം തുടങ്ങിയ ഘടകങ്ങൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ മ്യൂസിയത്തിന്റെ പ്രവർത്തികൾ വേഗത്തിലാക്കുവാൻ M/S KIIDC യുമായി നിരന്തര അവലോകന യോഗങ്ങൾ നടത്തുകയും, തടസ്സങ്ങൾ നീക്കി മ്യൂസിയം നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| SL.No | Components | Amount (Rs) |
|---|---|---|
| 1. | KAVU- Compound wall | 1,91,07,72.19 |
| 2 | Step | 5728.67 |
| 3 | Outdoor Lighting | 1907023.25 |
| 4 | Electrification of lamp post | 1000000.00 |
| 5 | Conservation of small chira and Kulappura | 4744481.66 |
| 6 | Thantrimadam – Museum of myth | 2015498.01 |
| 7 | Oottupura | 4564417.79 |
| 8 | Museum of Folklore | 9784382.45 |
| 9 | Conservation of Big Chira | 4087380.64 |
| 10 | 2 toilet fittings for differently abled | 150000.00 |
| 11 | Plumbing | 1000000.00 |
| 12 | Electrical – Building and museum | 2000000.00 |
| 13 | Pavement works | 5284906.54 |
| 14 | Security systems | 1000000.00 |
| 15 | Landscaping | 500000.00 |
| 16. | HVAC | 500000.00 |
| 17 | Museum Components – Spatial and display elements including utilities | 7500000.00 |
| 18 | Museum Components – Light fittings and Allied equipments | 1000000.00 |
| 19 | Museum Components – AV Experience – Hardware and software integration | 5592900.00 |
| 20 | Museum Components – Fire alarm system | 713735.00 |
| 21 | Museum Components – Audio Address with EVAC announcement and audio guidance | 483615.00 |
| 22 | Museum Components – IT Infrastructure, equipments, cabling and integration | 939500.00 |
| 23 | Museum Components – DC Server | 1073270.00 |
| 24 | Museum Components – Entry gateway enhancement and lighting | 2000000.00 |
| | **Total** | **59757611.20** |
| | **GST (12%)** | **66928524.54** |

[signature]

സെക്ഷൻ ഓഫീസർ